"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ് തസ്തിക ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ്**

**സ. ഉ. (കൈ) നം. 9/2026/ധന. തീയതി, തിരുവനന്തപുരം, 23.01.2026**

---

പരാമർശം - 1. സ. ഉ. (കൈ) നം. 232/2018/ധന. തീയതി 26.06.2018.
2. സ.ഉ. (കൈ) നം. 104/2021/ധന. തീയതി 17.09.2021.
3. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടറുടെ 23.10.2025 ലെ KSSPL/FIN/7/2023-ASST നമ്പർ കത്ത്.

## ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ സുഗമമായ വിതരണത്തിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിരുന്നു. കമ്പനിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി പരാമർശം(2)-ലെ ഉത്തരവ് പ്രകാരം കമ്പനിയിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തിക (ശമ്പള സ്കെയിൽ 45600-95600) സൃഷ്ടിക്കുകയും അതിലേയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നുള്ള ഒരു ജീവനക്കാരനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയും ചെയ്തിരുന്നു. കമ്പനി നിലവിൽ നിർവ്വഹിക്കുന്ന ജോലിയുടെ പ്രധാന്യവും സങ്കീർണ്ണതയും പരിഗണിച്ച് കൊണ്ട് അസിസ്റ്റന്റ് തസ്തിക ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന്, കമ്പനി ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മാനേജിംഗ് ഡയറക്ടർ മേൽ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ൽ സൃഷ്ടിച്ച അസിസ്റ്റന്റ് തസ്തിക (ശമ്പള സ്കെയിൽ 45600-95600) അപ്ഗ്രേഡ് ചെയ്ത് ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നാക്കുന്നതിനും അതിലേയ്ക്ക് സെക്ഷൻ ഓഫീസർ തസ്തികയിൽ (ശമ്പള സ്കെയിൽ 51400-110300) കുറയാത്ത റാങ്കിലുള്ള ധനകാര്യ വകുപ്പിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ആർ. ജ്യോതിലാൽ**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്,
തിരുവനന്തപുരം.
ധനകാര്യ (ഭരണം-എ) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (21.01.2026-ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പ്
ഇനം നം: 3560)
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ [E-1735633-SS-1/225/2018-ധന-part (3)]

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ